POLICE DEPARTMENT

KERALA

**No. E2-53447/2017/QC**
City Police Office,
Kollam
cpklm.pol@kerala.gov.in
04742764422
Dated. 23-02-2018

## ലേലപരസ്യം

കൊല്ലം സിറ്റി പോലീസ് മേധാവിയുടെ അധീനതയിലുള്ളതും ജില്ലാ സായുധ ക്യാമ്പിൽ സൂക്ഷിച്ചിരിക്കുന്നതും ഡിപ്പാർട്ട്മെൻറിന് ഉപയോഗമല്ലാത്തതുമായ ടയറുകളുംട്യൂബുകളും 2018 മാർച്ച് മാസം 14 ന പകൽ 11 മണിക്ക് മേൽപടി കാര്യാലയത്തിൽ വച്ച് പരസ്യമായി ലേലം ചെയ്തു വിൽക്കപ്പെടുന്നതാണ് .

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലസ്ഥലത്ത് നേരിട്ട് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർമുമ്പ് 5000/- രൂപ നിരതദ്രവ്യമായി കെട്ടിവയ്ക്കേണ്ടതും ആയത് ഡെപ്യൂട്ടി കമാണ്ടൻറ് കാര്യാലയത്തിലടച്ച് രസീത് വാങ്ങേണ്ടതുമാണ്.കൂടാതെ ലേലത്തിൽ പങ്കെടുക്കുവാൻ ഉദ്ദേശിക്കുന്നവരിൽ നിന്നും മുൻ കൂട്ടി സീൽ ചെയ്ത കവറുകളിൽ ദർഘാസുകൾ നേരിട്ടോ തപാൽ മാർഗ്ഗമോ ഡെപ്യൂട്ടി കമാണ്ടൻറിൻറെ കാര്യാലയത്തിൽ സ്വീകരിക്കുന്നതാണ്. ദർഘാസിൽ "' ഉപയോഗ്യ ശൂന്യമായ ടയറുകളും ട്യൂബുകളും" എന്ന് രേഖപ്പെടുത്തേണ്ടതുമാണ്. കൂടാതെ നിരതദ്രവ്യ തുകയുടെ നിരക്കിൽ ഏതെങ്കിലും ഒരു ദേശസൽകൃത ബാങ്കിൽ നിന്നും കൊല്ലം സിറ്റി പോലീസ് കമ്മീഷണറുടെ പേരിൽ വാങ്ങിയ ഡിമാൻറ് ഡ്രാഫ്റ്റ് അടക്കം ചെയ്യേണ്ടതുമാണ്. ലേലം കഴിഞ്ഞാലുടൻ ടെണ്ടറുകൾ തുറക്കുന്നതും ലേലത്തിൻറെയോ ദർഘാസിൻറെയോ തുകയിൽ ഏതാണോ കൂടുതൽ ആയതിന് ലേലം ഉറപ്പിക്കുന്നതുമാണ്. ലേലം എടുത്തയാൾ ഉടൻ തന്നെ ലേലത്തുകയുടെ പകുതി സംഖ്യയും ( നികുതി ഉൾപ്പെടെ) നിരതദ്രവ്യവും കഴിച്ച് തുക ലേലസ്ഥലത്ത് വച്ച് തന്നെ അടച്ച് രസീത് വാങ്ങേണ്ടതാണ്. ലേലം / ദർഘാസ് സ്ഥിരപ്പെടുത്തി ഉത്തരവ് കിട്ടി 10 ദിവസത്തിനകം ബാക്കി ലേലത്തുക അടച്ച് സ്വന്തം ഉത്തരവാദിത്വത്തിൽ ലേല വസ്തുക്കൾ നീക്കം ചെയ്യേണ്ടതാണ്.

മേൽ പറഞ്ഞ നിബന്ധനകൾക്ക് വിപരീതമായി ടിയാൻ പ്രവർത്തിക്കുകയാണെങ്കിൽ നിരതദ്രവ്യം സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും പുനർലേലം നടത്തുന്നതും ആയിരിക്കും. അതുമൂലം എന്തെങ്കിലും നഷ്ടം സർക്കാരിന് സംഭവിക്കുകയാണെങ്കിൽ ആയത് മുൻ ലേലക്കാരനിൽ നിന്നും ഈടാക്കുന്നതുമായിരിക്കും. മറിച്ച് ലാഭമുണ്ടാക്കുകയാണെങ്കിൽ ആയതിന് മുൻലേലക്കാരൻ അർഹനല്ലാത്തതുമായിരിക്കും. ലേല വസ്തുക്കൾ ലേലത്തിന് മുമ്പുള്ള 10 പ്രവൃത്തി ദിവസങ്ങളിൽ ഓഫീസ് സമയത്ത് കൊല്ലം ജില്ലാ സായുധസേനാ കമാണ്ടൻറിൻറെ മുൻകൂർ അനുവാദത്തോടുകൂടി പരിശോധിക്കാവുന്നതാണ്. യാതൊരു കാരണവും കൂടാതെ ലേലം മാറ്റി വയ്ക്കുന്നതിനും ലേലം / ദർഘാസ് വിൽപ്പന അസ്ഥിരപ്പെടുത്തുന്നതിനും ഉള്ള പൂർണ്ണാധികാരം ജില്ലാ പോലീസ് മേധാവിയിൽ നിക്ഷിപ്തമാണ്.

Srinivas A

Dr.Srinivas A IPS
Superintendent of Police

To : സംസ്ഥാന പോലീസ് മേധാവിയുടെ അറിവിലേക്ക്

Copy To : സംസ്ഥാനത്തെ എല്ലാ എഡിജിപി മാർക്കും അറിവിലേക്ക്. എസ് പി(എംടി)പിഎച്ച്ക്യൂ വിൻറെ

E2-53447/2017/QC 49cd43

അറിവിലേക്ക്. ജില്ലാ പബ്ലിക് ഇൻഫൊ ർമേഷൻ ഓഫീസർ, കൊല്ലം ( ആമുഖ കത്ത് സഹിതം). സംസ്ഥാനനത്തെ എല്ലാ സിറ്റി കമ്മീഷണർ മാർക്കും , ജില്ലാ പോലീസ് മേധാവി മാർക്കും ,കമാണ്ടൻറ് മാർക്കും, അറിവിലേക്കായി. കൊല്ലം സിറ്റി യിലെ എല്ലാ പോലീസ് ഓഫീസർ മാർക്കും പ്രചാരണത്തിനായി കൊല്ലം സിറ്റിയിലെ ഡെപ്യൂട്ടി കമാണ്ടൻറ് , അസിസ്റ്റൻറ് കമാണ്ടൻറ് , എംടിഎസ്ഐ എന്നിവരുടെ അറിവിലേക്കും , അനന്തര നടപടിക്കുമായി എ ആർ കാഷ്യർ കൊല്ലം സിറ്റി ലേല സമയത്ത് ഹാജരായി ജിഎസ്ടി ഉൾപ്പെടെയുള്ള ലേല ത്തുക സ്വീകരിക്കേണ്ടതും , ഈ ത്തുക ഡിപി ഒ കാഷ്യർ കൊല്ലം സിറ്റി യെ ഏൽപ്പിക്കേണ്ടതും ഡിപി ഒ കാഷ്യർ കൊല്ലം സിറ്റി , ടി തുകയിൽ നിന്നും ടാക്സ് ഇനത്തിലുള്ള ത്തുക GST Account വഴിയും ലേല ത്തുക '''0055-00-800-98-other items'''എന്ന ശീർഷകത്തിൽ ട്രഷറിയിൽ അടച്ച ചലാൻറെ പകർപ്പ് E2 സെക്ഷനിൽ സമർപ്പിക്കേണ്ടതുമാണ്